# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4934 — 30.06.2014 ൽ മറുപടിക്ക്

## രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടിയിൽ തീർപ്പു കൽപിക്കാനുള്ള അപേക്ഷകൾ

ചോദ്യം — മറുപടി

ശ്രീ. ബാബു എം.പാലിശ്ശേരി — ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ 2-ാം ഘട്ടത്തിൽ ലഭിച്ച അപേക്ഷകളിൽ സംസ്ഥാനത്തൊട്ടാകെ എത്ര അപേക്ഷകളിൽ ഇനിയും തീർപ്പു കൽപ്പിക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ; | എ) **1,36,856** അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ട്. |
| ബി) അപേക്ഷകളിൽ തീർപ്പു കൽപ്പിക്കാൻ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ; | ബി) ചികിത്സാ സഹായത്തിനുള്ള അപേക്ഷകളിൽ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലും, ജനസമ്പർക്ക പരിപാടി ദിവസം നേരിട്ട് ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ഓൺലൈൻ എൻട്രി വരുത്തി വിവിധ വകുപ്പുകളിലേക്ക് അയച്ച് നടപടി സ്വീകരിക്കാനുള്ള |

| | |
|---|---|
| | സ്വാഭാവികമായ കാലതാമസവും, എ.പി.എൽ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുകൾ ബി.പി.എൽ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകളുടെ ബാഹുല്യവും, അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ കാലതാമസം ഉണ്ടാക്കിയിട്ടുണ്ട്. |
| സി) തീർപ്പു കൽപ്പിക്കാനുള്ള അപേക്ഷകളിൽ എന്നത്തേക്ക് തീർപ്പു കൽപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | സി) ജില്ലാ ഓഫീസുകളിൽ തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകളിൽ അടിയന്തിരമായി തീർപ്പ് കൽപ്പിക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകളിൽ പരാതിക്കാർ മതിയായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും, തഹസിൽദാരുടെ അന്വേഷണ റിപ്പോർട്ട് പൂർത്തിയാകുന്ന മുറയ്ക്കും അർഹത പരിശോധിച്ചാണ് സഹായം അനുവദിക്കുന്നത്. ഈ നടപടികൾ പൂർത്തിയാക്കി, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അവ വിതരണം ചെയ്തു വരുന്നു. |

Kutakeril

സെക്ഷൻ ഓഫീസർ